പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2382 — 08.07. 2015 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികളുടെ വരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളെ കോൺട്രാക്ടർമാർ പല സ്ഥലങ്ങളിലും ടെൻറ് കെട്ടിയും മറ്റും താമസിപ്പിച്ചുവരുന്നത് തൊഴിൽ വകുപ്പിന്റെ അനുമതിയോടുകൂടിയാണോ എന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ? | (എ) 1979 -ലെ അന്യസംസ്ഥാന തൊഴിലാളി നിയമ പ്രകാരം അന്യ സംസ്ഥാന തൊഴിലാളികൾക്കുള്ള താമസ സൗകര്യം തൊഴിലുടമ/കോൺട്രാക്ടർ നിർബന്ധമായും ഒരുക്കേണ്ടതാണ് എന്നും ആയതിൽ കൃത്യമായ നിബന്ധനകൾ പാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയത് കൊണ്ട് തന്നെ ടെന്റ് കെട്ടിയും മറ്റും അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ അനുമതി ആവശ്യമില്ല എങ്കിലും ഇത്തരം പ്രവണത സ്ഥാപന പരിശോധനയിലോ പരാതി മുഖേനയോ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽ നിയമപ്രകാരം തൊഴിലുടമ കരാറുകാർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ നിയമലംഘനങ്ങൾ പരിഹരിക്കപ്പെട്ടതായി തുടർ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ